**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **06-02-2023 - ൽ മറുപടിയ്ക്ക്**

**പാറക്കടവ് അങ്കണവാടി കെട്ടിടത്തിന് ജലസേചന വകുപ്പിന്റെ ഭൂമി വിട്ടുനല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ, ഐ.സി.ഡി.എസ്. പാറക്കടവ് അങ്കണവാടി സെന്റർ നം.135-നായി കെട്ടിടം നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് എറണാകുളം, പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനിയർക്ക് 13.03.2020ന് ഇ5/597/2020 നമ്പറായി നൽകിയ കത്തിൽ ചീഫ് എഞ്ചിനിയർ, പദ്ധതിവിഭാഗം-II നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | ഈ വിഷയത്തിലെ റിപ്പോർട്ട് പ്രോജക്ട്-2, ചീഫ് എഞ്ചിനീയർ 23/06/2020-ലെ പിജി2/1649/2020 കത്തുപ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് 06/01/2021-ൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. ചീഫ് എഞ്ചിനീയറുടെ 23/06/2020-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | രണ്ട് വർഷങ്ങൾക്ക് ശേഷവും ഈ വിഷയത്തിലെ ഫയലിൽ തീർപ്പുണ്ടാകാത്തതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; | (ബി) | ഈ വിഷയത്തിലെ റിപ്പോർട്ട് പ്രോജക്ട്-2, ചീഫ് എഞ്ചിനീയർ 23/06/2020-ലെ പിജി2/1649/2020 കത്തുപ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് 06/01/2021-ൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. ചീഫ് എഞ്ചിനീയറുടെ 23/06/2020-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഐ.സി.ഡി.എസ്. പാറക്കടവ് അങ്കണവാടിയ്ക്ക് എത്രയും വേഗം പുറമ്പോക്ക് ഭൂമി വിട്ടുനല്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; ആയതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കുമോ? | (സി) | ഈ വിഷയത്തിലെ റിപ്പോർട്ട് പ്രോജക്ട്-2, ചീഫ് എഞ്ചിനീയർ 23/06/2020-ലെ പിജി2/1649/2020 കത്തുപ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് 06/01/2021-ൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. ചീഫ് എഞ്ചിനീയറുടെ 23/06/2020-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

നം.പിജി2/1649/2020

ചീഫ് എൻജിനീയറുടെ കാര്യാലയം,
പദ്ധതിവിഭാഗം.2,തിരുവനന്തപുരം.
Phone- 0471-2324394
Email-ceprjtvm @gmail.com.
തീയതി: 23/06/2020

പ്രേഷിതൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി,
ജലവിഭവ(ഐആർ)വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം: ഐ.സി.ഡി.എസ് പാറക്കടവ് അങ്കണവാടി സെന്റർ നമ്പർ 135-കെട്ടിടം നിർമ്മിക്കുന്നതിനുള്ള പുറമ്പോക്ക് ഭൂമി വിട്ടു കൊടുക്കുന്നത് -സംബന്ധിച്ച്

സൂചന: 1) 13/3/20-ലെ ബഹു.എം.എൽ.എ ശ്രീ.അൻവർ സാദത്തിന്റെ കത്ത്

2) 13/3/20-ലെ പിറവം,പ്രോജക്ട് സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഇ5-597/2020-ാം നമ്പർ കത്ത്.

3) ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന 4/7/2018 തീയതിയിലെ റിവ്യൂ മീറ്റിംഗിന്റെ മിനിറ്റ്സ്

4) ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 4/1/2009 തീയതിയിലെ എം.പി1/153/2017/**WRD** നമ്പർ കത്ത് പ്രകാരം ലഭിച്ച പ്ലാനിംഗ് ബോർഡ് ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട്

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ ലോ ലെവൽ കനാലിൽ നെടുമ്പാശ്ശേരി പഞ്ചായത്തിൽ ചെയിനേജ്.14.863 കി.മീറ്ററിൽ (എൻ.എച്ച്)വരെ അവസാനിപ്പിക്കുവാൻ സൂചന (3), (4) പ്രകാരം തീരുമാനമായിട്ടുള്ളതാണ്. എന്നാൽ ലോ ലെവൽ കനാലിന്റെ നിർമ്മാണത്തിനായി ചെയിനേജ് 14.863 കി.മീറ്ററിനു ശേഷം എൻ.എച്ചിന് പടിഞ്ഞാറു ഭാഗത്തായി നെടുമ്പാശ്ശേരി പഞ്ചായത്തിലെ 6-ാം വാർഡിൽ കുറച്ചു ഭൂമി ഏറ്റെടുത്തിരുന്നു.

മേൽ സൂചന 2,3 പ്രകാരം ലോലെവൽ കനാൽ ചെയിനേജ് 14.863 കി. മീറ്ററിൽ അവസാനിച്ച സാഹചര്യത്തിലും എൽ.എൽ.സി യുടെ അനുബന്ധ പ്രവർത്തികൾക്കായി 14.863 മീറ്ററിനു ശേഷമുള്ള ഈ സ്ഥലം നിലവിൽ ആവശ്യമില്ലാത്തതിനാലും 10 സെന്റ് ഭൂമി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പാറക്കടവ് ഐ.സി.ഡി.എസ് കാര്യാലയത്തിന് വിട്ടു കൊടുക്കുന്നതിന് തടസ്സമില്ല.

എന്നാൽ ജലവിഭവ വകുപ്പ് പദ്ധതിക്കായി പണം നൽകി ഏറ്റെടുത്ത ഭൂമി ആയതിനാൽ ടി ഭൂമിയുടെ വില അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുകയിൽ കിഴിവ് ചെയ്യേണ്ടതും, വകുപ്പ് തലത്തിൽ സ്ഥലം കൈമാറ്റം നടത്തുന്നതിനുള്ള എല്ലാ നിബന്ധനകളും നടപടികളും പാലിച്ചു കൊണ്ടും സ്ഥലം കൈമാറുന്നതിൽ നിലവിൽ തടസ്സമില്ലായെന്നും അറിയിക്കുന്നു. പാറക്കടവ്, ഐ.സി.ഡി.എസ്, ശിശു വികസന പദ്ധതി ഓഫീസറുടെ അപേക്ഷയും സൈറ്റ് പ്ലാനും തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ
പ്രോജക്ട്-2

ഉള്ളടക്കം: 1. ഐ.സി.ഡി.എസ് ഓഫീസറുടെ 25/11/2019-ലെ കത്ത്
2. 9/11/18-ലെ നെടുമ്പാശ്ശേരി പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്.
3. സൈറ്റ് പ്ലാൻ

എസ്.എ.എൽ.24.06.2020

സെക്ഷൻ ഓഫീസർ